(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ നബാർഡിന്റെ പ്രസ്തുത ഓഫർ സ്വീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നബാർഡിന്റെ ഓഫർ സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ

78 [2299] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ വിവിധതരം സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ അവസാനമായി പരിഷ്ക്കരിച്ചതെന്നാണ്;

(സി) സഹകരണ സ്ഥാപനങ്ങളുടെ ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ പുതുക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിശദമാക്കാം. ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 3-4-1998.

(സി) പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly